പുതിയ ഇനം

# ഇഞ്ചിയിൽ "വരദ" വരദാനമായ് എത്തുന്നു

ഡോ. ബി. ശശികുമാർ
സീനിയർ സയൻറിസ്റ്റ്
ഐ. ഐ. എസ്. ആർ.
കോഴിക്കോട് 12

രാജ്യത്തെ ഇഞ്ചി ഉൽപ്പാദനത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ മൊത്തം ഇഞ്ചിയുടെ മുപ്പതു ശതമാനവും ഉൽപ്പാദിപ്പിക്കപ്പെടുന്നത് കേരളത്തിലാണെങ്കിലും ഇത്രനാളും നമുക്കു സ്വന്തമായി ഒരു അംഗീകൃത ഇഞ്ചി ഇനം ഉണ്ടായിരുന്നില്ല. ആ പേരുദോഷം നീക്കാൻ ഇതാ 'വരദ' എത്തിക്കഴിഞ്ഞു. കോഴിക്കോട്ടെ ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുത്തിട്ടുള്ള 'വരദ' കേരളത്തിലെ കാലാവസ്ഥയ്ക്കു യോജിച്ച അധികോൽപ്പാദനശേഷിയുള്ള ഒരിനമാണ്.




ഇന്ന് നമ്മുടെ നാട്ടിൽ പ്രചാരം സിദ്ധിച്ചിട്ടുള്ള ഇനങ്ങളായ മാരൻ, ഹിമാചൽ, കുറുപ്പംപടി വയനാടൻ, ചൈന എന്നീ ഇനങ്ങളെക്കാൾ ഒരു പടി മുന്നിൽ നിൽക്കുന്നതാണ് വരദ.

പച്ച ഇഞ്ചിയുടെ ഉൽപ്പാദനത്തിൻെറ കാര്യത്തിൽ വരദ മാരനെക്കാളും ഹിമാചലിനെക്കാളും മുന്നിലാണെങ്കിലും ഉണക്കിൻെറ കാര്യത്തിൽ ഹിമാചലിനൊപ്പമേ നിൽക്കുന്നുള്ളു. (പട്ടിക 1) നാരിൻെറ തോതും വരദയിൽ താരതമ്യേന കുറവാണ്.

വരദ ഇഞ്ചിയുടെ വിത്ത് പരിമിതമായ അളവിൽ പെരുവണ്ണാമൂഴിയിലുള്ള സുഗന്ധവിള ഗവേഷണ ഫാമിൽ നിന്ന് ലഭിക്കുന്നതാണ്. ഏപ്രിലിൽ സയൻറിസ്റ്റ് - ഇൻ- ചാർജ്, സുഗന്ധവിള ഗവേഷണ കേന്ദ്രം, പെരുവണ്ണാമൂഴി, പേരാമ്പ്ര (വഴി), കോഴിക്കോട് എന്ന വിലാസത്തിൽ ബന്ധപ്പെടുക.

പട്ടിക 1
വരദയും മറ്റിഞ്ചിയിനങ്ങളും തമ്മിലുള്ള താരതമ്യ പഠനം

| ഇനം | ശരാശരി ഉൽപ്പാദനം (ടൺ/ഹെക്ടർ) | ഉണക്ക് (ശതമാനം) | നാര് (ശതമാനം) | മൂപ്പ് (ദിവസം) |
|---|---|---|---|---|
| വരദ | 22.66 | 20.7 | 3.29 | 200 |
| മാരൻ | 20.23 | 20.0 | 4.4 | 202 |
| ഹിമാചൽ | 20.84 | 21.16 | 4.5 | 204 |
| സുപ്രഭ | 21.58 | 16.3 | 5.0 | 202 |